വിവരാവകാശ നിയമം 2005

ഭരണ ഭാഷ-മാതൃഭാഷ

C38259

**GOVERNMENT OF KERALA**

നം.115/ഡി1/17/സാ.നീ.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 8.11.2017

OFFICE OF THE DIRECTOR OF SOCIAL JUSTICE
15 NOV 2017
TRIVANDRUM

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീമതി.ലത മനോജ്,
പനങ്ങാട്ട് വീട്, പുല്ലുവഴി.പി.ഒ,
എറണാകുളം-683541

സർ,

വിഷയം - സാമൂഹ്യ നീതി വകുപ്പ് -വിവരാവകാശ നിയമം, 2005-മറുപടി നൽകുന്നത്- സംബന്ധിച്ച്.
സൂചന- വിവരാവകാശനിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷ
സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചോദ്യം 1 – ടി വിവരം വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല ഇത് സംബന്ധിച്ച വിവരങ്ങൾ വല്ലതും ലഭ്യമെങ്കിൽ ആയത് താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി താങ്കളുടെ അപേക്ഷയുടെ പകർപ്പ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവർക്ക് കൈമാറി നൽകിയിട്ടുണ്ട്

ചോദ്യം 2 - പ്രസ്തുത വിവരം താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

ചോദ്യം 3- ഇത് സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

ചോദ്യം 4- ടി ചോദ്യം വിവരാവകാശ നിയമം Chapter 1 section 2(f) പ്രകാരം വിവരം എന്ന നിർവ്വചനത്തിന്റെ പരിധിയിൽപ്പെടുന്നതല്ല.

മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ഈ വകുപ്പിലെ അപ്പീൽ അധികാരിക്ക് താഴെ പറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം-
ശ്രീമതി.കെ.എം.ലീലാമണി,
അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
PH-0471 - 2518373

14/11/17

വിശ്വസ്തതയോടെ,

എൻ.എ.അബ്ദുൾ റഷീദ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി.

പകർപ്പ്- 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

# THE RIGHT TO INFORMATION ACT 2005
# APPLICATION FOR OBTAINING INFORMATION

പ്രേഷിതൻ


ലത മനോജ്,
പനങ്ങാട്ട് വീട്,
പുല്ലുവഴി പി.ഒ.
എറണാകുളം ഡിസ്ട്രിക്ട്
കേരള, പിൻ 683541,
ഫോൺ. 9744463269.


സ്വീകർത്താവ്

ദ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ ജെസ്റ്റീസ്,
ഗൗണ്ട് ഫ്ളോർ,
സെക്രട്ടറിയേറ്റ്,
സ്റ്റാച്ചു ജംഗ്ഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- 1999-2013 വരെയുള്ള അംഗപരിമിതരായ എംപ്ലോയ്മെന്റ് എക്സേഞ്ച് വഴി ജോലിയിൽ പ്രവേശിച്ച് 179 ദിവസം പൂർത്തികരിച്ച ഉദ്യോഗാർത്ഥികളെ 2013 ൽ സ്ഥിര നിയമനം നൽകിയിട്ടുള്ളത് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി ലഭിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 18/05/2013 ൽ സ.ഉ.(പി.) 40/13/സാ.നീതി.വ നമ്പർ ഉത്തരവ്
2) 07/08/2013 ൽ സ.ഉ.(പി.) 63/13/സാ.നീതി.വ നമ്പർ ഉത്തരവ്
2) 03/02/2016 ൽ സ.ഉ.(പി.) 01/16/സാ.നീതി.വ നമ്പർ ഉത്തരവ്

..........

സർ,

വിവരാവകാശ നിയമം 2005, പ്രകാരം എനിക്ക് താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

1. a) കേരളത്തിൽ 1980 മുതൽ ഏതൊക്കെ കാലഘട്ടത്തിൽ എംപ്ലോയ്മെന്റ് എക്സേഞ്ച് വഴി ജോലിചെയ്തിട്ടുള്ള വികലാംഗരായവർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്?

   b) ഓരോ കാലഘട്ടത്തിലും എത്ര പേരെ വീതം സ്ഥിരപ്പെടുത്തിയിട്ടുണ്ട്?

   c) സ്ഥിരപ്പെടുത്തിയ ഓർഡർ നമ്പർ? ഓരോ ഓർഡറിന്റേയും, സ്ഥിരപ്പെടുത്തിയിട്ടുള്ള വ്യകതികളുടെ പേരു വിവരങ്ങളടങ്ങിയ രേഖയുടെയും കോപ്പിയും നൽകാൻ ദയവുണ്ടാകണം. (ഓർഡറിന്റെ കോപ്പി നൽകുന്ന പക്ഷം ആയതിനാവശ്യമായ തുക ഓഫീസിൽ ഒടുക്കുന്നതാണ്)
2. 18/05/2013 ൽ സ.ഉ.(പി.) 40/13/സാ.നീതി.വ നമ്പറായി ഇറങ്ങിയ ഉത്തരവ് പ്രകാരം എത്ര അംഗപരിമിതർക്ക് ജോലി ലഭ്യമായിട്ടുണ്ട്?

3. 2013 ന് മുൻപ് ഇറങ്ങിയ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിച്ചിട്ടുള്ള അംഗപരിമിതർക്ക് പ്രമോഷൻ, സീനിയോരിറ്റി എന്നിവ ലഭിച്ചിട്ടുണ്ടോ?
4. 18/05/2013 ൽ സ.ഉ.(പി.) 40/13/സാ.നീതി.വ നമ്പറായി ജോലിയിൽ പ്രവേശിച്ച അംഗപരിമിതരായവർക്ക് സീനിയോരിറ്റി, പ്രമോഷൻ എന്നിവ നൽകേണ്ടതില്ലയെന്നും പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടതില്ലയെന്നും പ്രത്യേകമായി 03/02/2016 ൽ സ.ഉ.(പി.) 01/16/സാ.നീതി.വ നമ്പറായി ഉത്തരവ് ഇറങ്ങുവാൻ ഉണ്ടായ സാഹചര്യം എന്ത്?

വിശ്വസ്തതയോടെ,

Latha
26/10/17

ലത മനോജ്

പുത്തൂർവഴി
26/10/17